**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3389** **15-02-2024 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട പ്രതിബന്ധങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപകരാകുന്നതിന് കെ-ടെറ്റ് നിർബന്ധമാക്കിയത് എന്ന് മുതൽ ആണ്; ഇത് സമന്വയ സോഫ്റ്റ്‌വെയറിൽ മാൻഡേറ്ററി ഫീൽഡ് ആക്കിയത് എന്നു മുതലാണ്; | (എ) | 1.06.2012 മുതൽക്കാണ് കെ-ടെറ്റ് നിർബന്ധമാക്കിയത്. സമന്വയ സോഫ്റ്റ് വെയറിൽ മാൻഡേറ്ററി ഫീൽഡ് ആക്കിയത് 15.07.2021 മുതലാണ്. |
| (ബി) | കെ-ടെറ്റ് മാൻഡേറ്ററി ഫീൽഡ് ആക്കുന്നതിന് തൊട്ടു മുൻപ് വരെ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾ പ്രകാരം ജോലിയിൽ പ്രവേശിച്ചവർക്ക് നിയമിതരാകുമ്പോൾ കെ-ടെറ്റ് യോഗ്യത ഇല്ലായിരുന്നു എന്ന കാരണത്താൽ നിയമനാംഗീകാരം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | NCTE മാനദണ്ഡങ്ങൾ പ്രകാരം 1.06.2012 മുതൽ സർക്കാർ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധിത യോഗ്യതയാണ്. 2019-2020 അധ്യയന വർഷത്തിന് ശേഷം കെ-ടെറ്റ് യോഗ്യത ഇല്ലാതെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക തസ്തികയിൽ നിയമിക്കുന്നത് ചട്ട വിരുദ്ധമാണ്. 2019-2020 അധ്യയന വർഷത്തിന് മുമ്പ് KTET യോഗ്യത ഇല്ലാതെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രസ്തുത യോഗ്യത ആർജിക്കുന്നതിനു വിവിധ ഘട്ടങ്ങളിലായി ഇളവുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം നിയമന അംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളത്; ഇവർക്ക് നിയമന അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | NCTE മാനദണ്ഡങ്ങൾ പ്രകാരം 1.06.2012 മുതൽ സർക്കാർ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധിത യോഗ്യതയാണ്. 2019-2020 അധ്യയന വർഷത്തിന് ശേഷം കെ-ടെറ്റ് യോഗ്യത ഇല്ലാതെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക തസ്തികയിൽ നിയമിക്കുന്നത് ചട്ട വിരുദ്ധമാണ്. 2019-2020 അധ്യയന വർഷത്തിന് മുമ്പ് KTET യോഗ്യത ഇല്ലാതെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രസ്തുത യോഗ്യത ആർജിക്കുന്നതിനു വിവിധ ഘട്ടങ്ങളിലായി ഇളവുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കെ-ടെറ്റ് നിർബന്ധിത യോഗ്യതയാക്കിയിട്ടുള്ള എൽ.പി, യു.പി അദ്ധ്യാപക തസ്തികകളിലേക്കുള്ള | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പി.എസ്.സി വിജ്ഞാപനത്തിന്റെ അവസാന തീയതിക്ക് മുൻപായി ഈ വർഷത്തെ കെ-ടെറ്റ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | ഇതുമൂലം ഈ വർഷം പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന ആയിരക്കണക്കിന് വരുന്ന ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിന് വർഷങ്ങൾ കാത്തിരിക്കേണ്ട സാഹചര്യമുണ്ടാകും എന്നത് പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ; | (ഇ) | വർഷത്തിൽ രണ്ടു തവണയാണ് കെ-ടെറ്റ് പരീക്ഷ നടത്താറുള്ളത്. 2023 വർഷത്തെ രണ്ടാമത്തെ പൊതു കെ-ടെറ്റ് പരീക്ഷ 2023 ഡിസംബർ 29, 30 തീയതികളിലാണ് നടന്നിട്ടുള്ളത്. കെ-ടെറ്റ് പരീക്ഷയുടെ വിജ്ഞാപനത്തിൽ തന്നെ പരീക്ഷ കഴിഞ്ഞ് രണ്ടു മാസത്തിനുള്ളിൽ മാത്രമേ ഫലപ്രഖ്യാപനം നടത്തുകയുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. കെ-ടെറ്റ് പരീക്ഷയുടെ അടുത്ത ദിവസമാണ് (ഡിസംബർ 31) എൽ.പി, യു.പി അദ്ധ്യാപക തസ്തികകളിലേക്കുള്ള പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചത്. ആയതിന് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31/01/2024 ആയിരുന്നു. ഏതു യോഗ്യതാ പരീക്ഷയിലും എന്നപോലെ കെ-ടെറ്റ് പരീക്ഷയിലും അപേക്ഷ തീയതിയിൽ യോഗ്യത നേടിയവരെ മാത്രമേ പി.എസ്.സി പരിഗണിക്കുകയുള്ളൂ. കെ-ടെറ്റ് പരീക്ഷയുടെ അന്തിമ ഉത്തര സൂചിക തയ്യാറാക്കി 31/01/2024 ന് മുൻപ് കെ-ടെറ്റ് പരീക്ഷയുടെ ഫലപ്രഖ്യാപനം നടത്തുന്നത് പ്രായോഗികമായി സാധിക്കുന്നതല്ല. കെ-ടെറ്റ് പരീക്ഷയുടെ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട ജോലികൾ അന്തിമ ഘട്ടത്തിലാണ്. |
| (എഫ്) | എങ്കിൽ കെ-ടെറ്റ് പരീക്ഷാഫലം ഉടനടി പ്രസിദ്ധീകരിക്കുന്നതിനും ഈ വർഷം യോഗ്യത നേടിയവർക്ക് കൂടി പി.എസ്.സി പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയതി നീട്ടി കൊടുക്കുകയോ ഇവരെ കൂടി പരീക്ഷ എഴുതാൻ അനുവദിക്കുകയോ ചെയ്യുന്നതിന് പി.എസ്.സിയോട് ശിപാർശ ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) | പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് പബ്ലിക് സർവീസ് കമ്മീഷന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്. |

സെക്ഷൻ ഓഫീസർ